"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് പ്രവർത്തികളിൽ ഷ്രെഡ്ഡഡ് പ്ളാസ്റ്റിക്കുകൾ ഉപയോഗിക്കുന്നത് - സ.ഉ. (സാധാ)നം.3119/2016/ത.സ്വ.ഭ.വ ഉത്തരവ് - ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം. 895/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/05/2020

പരാമർശം:- 1 സ.ഉ.(സാധാ)നം. 3119/2016/ത.സ്വ.ഭ.വ തിയതി 17.11.2016

2 ക്ളീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 23.05.2019-ലെ കത്ത്

ഉത്തരവ്

തദ്ദേശ സ്ഥാപനങ്ങളുടെ റോഡ് നിർമ്മാണ പ്രവൃത്തികളിൽ 50 മൈക്രോണിനും അതിനും താഴെ കനം വരുന്നതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഷ്രെഡ്ഡഡ് പ്ളാസ്റ്റിക്കുകൾ ഉപയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. പരാമർശം (2) പ്രകാരം ക്ളീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ മേൽ പരാമർശം (1) ഉത്തരവിൽ ചില ഭേദഗതികൾ കൂടി വരുത്തുന്നതിന് ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശിത ഉത്തരവിൽ താഴെ പറയുന്ന ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

i. റോഡ് നിർമ്മാണത്തിനായി ക്ളീൻ കേരള കമ്പനി നൽകുന്ന ഷ്രെഡ്ഡഡ് പ്ളാസ്റ്റിക്കിന്റെ വിൽപന വില, നിലവിലുള്ള 20 രൂപയിൽ നിന്നും 24 രൂപയായി 15/05/2020 മുതൽ വർദ്ധിപ്പിക്കാവുന്നതാണ്. ഇതിനു പുറമേ 5% ജി.എസ്.ടി.യും നൽകേണ്ടതാണ്.

ii. ഷ്രഡ്ഡഡ് പ്ളാസ്റ്റിക്കിന്റെ വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയിൽ നിന്നും കമ്പനിയുടെ ഓഹരി ഉടമകളായ ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് കിലോഗ്രാമിന് 20 രൂപ നിരക്കിലും മറ്റുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 18 രൂപ നിരക്കിലും കമ്പനി നൽകുന്നതായിരിക്കും.

iii. യൂണിറ്റുകൾ പ്രവൃത്തിക്കുന്ന ത.സ്വ.ഭ. സ്ഥാപനങ്ങൾ നിർബന്ധമായും അവരവരുടെ റോഡ് നിർമ്മാണ പ്രവർത്തികളിൽ ഷ്രെഡ്ഡഡ് പ്ളാസ്റ്റിക്കുകൾ ഉപയോഗിക്കേണ്ടതാണ്. ബാക്കി വരുന്ന ഷ്രെഡ്ഡഡ് പ്ളാസ്റ്റിക് സ്റ്റോക്ക് ചെയ്യേണ്ട സംവിധാനവും ഒരുക്കേണ്ടതാണ്.

iv. യൂണിറ്റുകൾ പ്രവൃത്തിക്കുന്ന ത.സ്വ.ഭ.സ്ഥാപനങ്ങളിൽ നിന്നും ഷ്രെഡ്ഡഡ് പ്ളാസ്റ്റിക്കുകൾ അതാത് ജില്ലകളിലേയോ, തൊട്ടടുത്ത ജില്ലകളിലേയോ റോഡ് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ഷ്രെഡ്ഡഡ് പ്ളാസ്റ്റിക്കുകൾ ക്ളീൻ കേരള കമ്പനി വഴി ലഭ്യമാക്കുന്നതാണ്.

v. ത.സ്വ.ഭ. സ്ഥാപനങ്ങളിലെ റോഡ് നിർമ്മാണത്തിന് ഷ്രെഡ്ഡഡ് പ്ളാസ്റ്റിക്കുകൾ ഉപയോഗിച്ചതായി ഉത്തരവാദിത്തപ്പെട്ട എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന മുറയ്ക്ക്

ക്ലീൻ കേരള കമ്പനി ബില്ലുകൾ നൽകേണ്ടതാണ്.

4. പരാമർശം (1) -ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.